**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് ഹരിത കേരളം മിഷന് കീഴിൽ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിലായി പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന എല്ലാ ഓഫീസുകളിലൂടെയും പൗരന്മാരുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുന്ന ശുചിത്വ സന്ദേശങ്ങൾ നല്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3755/2017/തസ്വഭവ തിരുവനന്തപുരം, തീയതി 23.11.2017

---

പരാമർശം :- 1. 11.05.2017-ൽ നടന്ന ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതിയുടെ സംസ്ഥാനതല കർമ്മസേന യോഗത്തിന്റെ തീരുമാനം

2.. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.09.2017 ലെ 2152/C1/2016/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണപ്രവർത്തനങ്ങളുടെ ഭാഗമായി സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിലായി പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന എല്ലാ ഓഫീസുകളിലൂടെയും പൗരന്മാരുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുന്ന ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും ഉപയോഗിക്കുന്ന വിവിധതരം ഫോറങ്ങൾ, അപേക്ഷകൾ, ബില്ലുകൾ, ടിക്കറ്റുകൾ, തുടങ്ങിയവയിലും സർക്കാർ വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന ഔദ്യോഗിക രേഖകളിലും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പൗരന്മാരുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുന്ന സന്ദേശങ്ങൾ രേഖപ്പെടുത്തി അച്ചടിച്ച് പ്രചരിപ്പിക്കുന്നത് പൊതുജനങ്ങളിൽ ശുചിത്വഅവബോധം വളർത്തുന്നതിന് വളരെ സഹായകരമായിരിക്കും എന്നതിനാൽ ഇത്തരം സന്ദേശങ്ങൾ അച്ചടിക്കുന്നതിന് വേണ്ട നിർദ്ദേശം വകുപ്പ് തലവൻമാർക്ക് നൽകുന്നതോടൊപ്പം അച്ചടി വകുപ്പ് മുഖേന പ്രിന്റ് ചെയ്യപ്പെടുന്ന സർക്കാർ രസീത് / നോട്ടീസുകളിൽ ശുചിത്വ സന്ദേശം കൂടി ഉൾപ്പെടുത്തി അച്ചടിക്കുന്നതിനുള്ള നിർദ്ദേശം അച്ചടി വകുപ്പിനും നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ മുഖേന നൽകാവുന്ന സന്ദേശങ്ങളും ഓരോ വകുപ്പുകളും ഇതിനായി സ്വീകരിക്കേണ്ടുന്ന മാർഗ്ഗങ്ങളും ചുവടെ ചേർക്കുന്നു.

ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ മുഖേന നൽകാവുന്ന സന്ദേശങ്ങൾ

1. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം.
2. അഴുകുന്ന മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റ്/ബയോഗ്യാസ് ആക്കിമാറ്റുക.
3. കമ്പോസ്റ്റുപയോഗിച്ച് ജൈവപച്ചക്കറി കൃഷിചെയ്യുക.
4. അഴുകാത്ത മാലിന്യം ബന്ധപ്പെട്ട വ്യാപാരികൾക്ക്/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുക.
5. ഡിസ്പോസിബിൾ ഗ്ലാസ് /കപ്പ് /പ്ലേറ്റ് എന്നിവ ഒഴിവാക്കുക, സ്റ്റീൽ/ഗ്ലാസ്/സിറാമിക് കപ്പുകളും പ്ലേറ്റുകളും ഉപയേഗിക്കുക.
6. പ്ലാസ്റ്റിക് കിറ്റു വേണ്ട. തുണി സഞ്ചി മതി.
7. പ്ലാസ്റ്റിക് കത്തിക്കുന്നത് ക്യാൻസറടക്കമുള്ള മാരകരോഗങ്ങൾക്ക് കാരണമാകും.

ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സന്ദേശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ

| **ക്രമ നമ്പർ** | **വകുപ്പ്** | **സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ** |
|---|---|---|
| 1 | റവന്യൂ | ജില്ലാകളക്ടറേറ്റ്മുതൽവില്ലേജ്ഓഫീസുവരെ ഉപയോഗിക്കുന്ന എല്ലാരസീതുകളിലും, നോട്ടീസുകളിലും. |
| 2 | ആരോഗ്യം | എല്ലാതലത്തിലുമുള്ള ആശുപത്രികളിലെ ഒ.പി. ടിക്കറ്റുകൾ, മരുന്ന് കുറിപ്പുകൾ. |
| 3 | തദ്ദേശ സ്വയം ഭരണം. | ഗ്രാമപഞ്ചായത്ത്/നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ/ ടൗൺ പ്ലാനിംഗ്ഓഫീസ്-രസീതുകളിലും, നോട്ടീസുകളിലും, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ കാർഡുകളിലും |
| 4 | ഊർജ്ജം | കെ.എസ്.ഇ.ബി ബില്ല്, രസീത് (ഇ-രസീതിലടക്കം). |
| 5 | ജലവിഭവം | എല്ലാഫോറങ്ങൾ, ബില്ലുകൾ, രസീതുകൾ, (വാട്ടർ അതോറിട്ടിയിലേതടക്കം) |
| 6 | ഗതാഗതം | എല്ലാറോഡ്, വാട്ടർ ട്രാൻസ്പോർട്ട് ടിക്കറ്റുകളിലും (സ്വകാര്യ ബസുകളിലടക്കം). |

| | | |
|---|---|---|
| 7 | മോട്ടോർവാഹനം | എല്ലാ ബില്ലുകൾ, രസീതുകൾ, ഫോറങ്ങൾ എല്ലാസ്വകാര്യബസ്, ടാക്സി ഓട്ടോകളിലും (യാത്രാക്കാരൻ ശ്രദ്ധിക്കുംവിധം.) |
| 8 | കൃഷി | എല്ലാ നോട്ടീസുകളിലും, രസീതുകളിലും. |
| 9 | വിനോദസഞ്ചാരം | എല്ലാ ടിക്കറ്റുകളിലും, വാഹനങ്ങളുടെ ഉള്ളിലും. |
| 10 | കല, സാംസ്കാരികം | എല്ലാ ടിക്കറ്റുകളിലും (സിനിമ ടിക്കറ്റുകൾ ഉൾപ്പടെ) |
| 11 | വ്യവസായം | എല്ലാ നോട്ടീസ്, ബിൽ, രസിത്, ഫോറങ്ങളിലും |
| 12 | ഫിഷറീസ് | എല്ലാ നോട്ടീസ്, രസീത് (ഫിഷറീസ് സംഘങ്ങൾ ഉൾപ്പടെ). |
| 13 | സഹകരണം | എല്ലാ സഹകരണസംഘം/ബാങ്കുകളിലെയും നോട്ടീസ്/ബിൽ/ രസീതുകളിൽ. |
| 14 | തൊഴിൽ | എല്ലാ നോട്ടീസുകളിലും ബില്ലുകളിലും(ക്ഷേമനിധികൾ, ഇൻഷുറൻസ് അടക്കം) |
| 15 | പോലീസ് | എല്ലാ നോട്ടീസുകളിലും, രസീതുകളിലും. |
| 16 | കയർ | എല്ലാ നോട്ടീസ്/രസീത്/കാർഡുകളിലും (സംഘങ്ങൾ,ക്ഷേമനിധികളടക്കം). |
| 17 | കൈത്തറി | |
| 18 | കശുവണ്ടി | |
| 19 | വാണിജ്യനികുതി | എല്ലാ ഫോറങ്ങൾ, നോട്ടീസ്, ബില്ല്, രസീത് (ഇ-രേഖകളിലടക്കം). |
| 20 | പൊതുമരാമത്ത് | എല്ലാ ടെണ്ടർ രേഖകളിലും ഫോറങ്ങളിലും. |
| 21 | മൃഗസംരക്ഷണം | എല്ലാ നോട്ടീസ്/ കാർഡ്/രസീതുകളിലും, ഒ.പി. ടിക്കറ്റുകളിലും. |
| 22 | പബ്ളിക് റിലേഷൻസ് | എല്ലാ പ്രസിദ്ധീകരണങ്ങളിലും |
| 23 | സാമൂഹ്യനീതി | എല്ലാ നോട്ടീസുകളിലും, കാർഡുകളിലും |
| 24 | വനം | ടിക്കറ്റുകൾ, കിയോസ്കുകൾ - ഡിജിറ്റൽ ഡിസ് പ്ലെ |
| 25 | സിവിൽ സപ്ലൈസ് | റേഷൻ കാർഡ്, ബില്ലുകൾ (നീതി, മാവേലി, ത്രിവേണിസ്റ്റോറുകളടക്കം) |
| 26 | മ്യൂസിയം, മൃഗശാല | ടിക്കറ്റുകൾ, ഡിസ് പ്ലെ ബോർഡുകൾ |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് ഹരിത കേരളം മിഷന് കീഴിൽ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിൽ പൗരന്മാരുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുന്നതിനായി മുകളിൽ പരാമർശിച്ചിരിക്കുന്ന സന്ദേശങ്ങൾ പ്രസ്തുത മാർഗ്ഗങ്ങൾ മുഖേന പ്രചരിപ്പിക്കുന്നതിന് അതാത് വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് ഉത്തരവാകുന്നു. അച്ചടി വകുപ്പ് മുഖേന പ്രിന്റ് ചെയ്യപ്പെടുന്ന സർക്കാർ രസീത്/നോട്ടീസുകളിൽ മേൽ പരാമർശിച്ചിരിക്കുന്ന ശുചിത്വ സന്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി അച്ചടിക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും (ശുചിത്വ മിഷൻ എക്സിക്യുട്ടീവ് ഡയറക്ടർ മുഖേന )

ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ് -ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്